ഡോ. എ. നീലലോഹിതദാസൻ നാടാർ : നേരത്തെ ഉണ്ടായിരുന്ന അധികാരങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്. പലിശ, പിഴയും പലിശയും ഒക്കെ ഈടാക്കിക്കൊണ്ട് നീട്ടിക്കൊടുക്കാനുള്ള വ്യവസ്ഥകൾ ഇപ്പോഴും നില നിൽക്കുന്നു.

5 (*259) നീർമറി പദ്ധതി

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചുള്ള നീർമറി പദ്ധതി യിലെ വിവിധ പ്രവർത്തനങ്ങൾക്ക് കേരളത്തിലെ പ്രകൃതി സാഹചര്യങ്ങൾ അനുയോജ്യമല്ല എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയിലെ ഏതെല്ലാം കാര്യങ്ങൾ പൊതുവിൽ കേരളത്തിൽ പ്രയോഗത്തിൽ വരുത്താനായിട്ടില്ല എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം ഇതുവരെ എത്രരൂപയുടെ കേന്ദ്രവിഹിതം പ്രയോജ നപ്പെടുത്താനായില്ല എന്നറിയിക്കുമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തി പൂർണ്ണ പ്രയോജനം നേടിയെടുക്കുന്നതിലേക്ക് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) എട്ടാം പദ്ധതിക്കാലത്ത് അനുവദിച്ച മുഴുവൻ തുകയും ചെലവ ഴിച്ചിട്ടുണ്ട്. 9-ാം പദ്ധതിക്കാലത്തേക്ക് അനുവദിച്ചതുക വിനിയോഗിച്ചുവരുന്നു.

(ഡി) അടിസ്ഥാന സൗകര്യത്തിന് 40 ശതമാനവും മണ്ണ് സംരക്ഷണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് 60 ശതമാനവും തുക കേരളത്തിലെ സാഹചര്യങ്ങളിൽ വികസനപ്രവർത്തനങ്ങൾക്ക് കൂടുതൽ തുക വിനിയോഗി ക്കുന്നതാണ്. സംസ്ഥാനത്തിന് കൂടുതൽ ഗുണകരം എന്നതിനാൽ പദ്ധതി തുകയുടെ 75 ശതമാനം ഇതിനായി നീക്കിവച്ചുകൊണ്ട് 9-ാം പദ്ധതിക്കാല ത്തേയ്ക്ക് ഉത്തരവായിട്ടുണ്ട്. ഈ ഭേദഗതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നു.

ശ്രീ. വി.ജെ. പൗലോസ് : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ദേശീയതലത്തിൽ ഉണ്ടായിട്ടുള്ള പദ്ധതി നമ്മുടെ കേരളത്തിന് പല കാര്യ ത്തിലും അനുയോജ്യമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ടെ ങ്കിൽപോലും നമ്മുടെ റോഡുകളുടെ പാർശ്വങ്ങളെ സംരക്ഷിക്കുന്നതിന് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് കൈതച്ചെടികൾ വച്ചുപിടിപ്പിച്ചും തെങ്ങോ ലകളും മറ്റും പാകിയും മണ്ണ് പാർശ്വങ്ങളിൽ നിറച്ച് സംരക്ഷിക്കണമെന്നുള്ള താണ്. കേരളത്തിന്റെ നമ്മുടെ കാലാവസ്ഥയുടെ പ്രത്യേകതകളും മണ്ണിന്റെ സ്വഭാവവുംവച്ച് ഇത് പ്രയോജനമല്ലെന്നുള്ളതുകൊണ്ട് കൃഷിക്കാർ എല്ലാ പേരും ഒരുപോലെ പറഞ്ഞതാണ്. ഇത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടു ത്തി, ഉറപ്പുള്ള ഭിത്തികൾ (നമ്മുടെ കൃഷി ഡിപ്പാർട്ടുമെന്റ് മൈനർ ഇറിഗേഷ നൊക്കെ പാർശ്വ സംരക്ഷണത്തിനുവേണ്ടി ഉറപ്പുള്ള ഭിത്തികളാണ് കെട്ടി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊടുക്കുന്നത്.) അതുപോലെ-കെട്ടിക്കൊടുക്കുന്നതിനാവശ്യമായ പ്രത്യേ കാനുമതി പ്രത്യേക സാഹചര്യത്തിൽ ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 60 ശതമാനമാണ് അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടിയും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ചെല വഴിക്കുന്നതിനു കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നത്. സ്വർവ്വേ തുടങ്ങിയി ട്ടുള്ള കാര്യങ്ങൾക്ക് 40 ശതമാനം ചെലവഴിക്കാമെന്ന നിർദ്ദേശമായിരുന്നു. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തതുകൊണ്ട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 75 ശതമാനം ചെലവഴിക്കണമെന്നും സർവ്വേ തുടങ്ങിയുള്ള കാര്യങ്ങൾക്ക് 25 ശതമാനം ചെലവഴിച്ചാൽ മതിയെന്നു മുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശം. ആ നിർദ്ദേശം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റും 9-ാം പദ്ധതിക്കാലത്ത് വാട്ടർ ഷെഡ് പദ്ധതിയുടെ പ്രവർത്തനത്തിന് കേരളം ഉദ്ദേശിച്ചതുപോലെയുള്ള ഒരു ഫോർമുല തയ്യാറാക്കിയിരിക്കുകയാണെന്നാണ് കേന്ദ്രം നമ്മെ അറിയിച്ചിട്ടു ള്ളത്. കേന്ദ്രത്തിൽ വീണ്ടും ഇതിന് സമ്മർദ്ദം ചെലുത്തുന്നതാണ്. അങ്ങനെ സമ്മർദ്ദം ചെലുത്തി കേന്ദ്രത്തിന്റെ തീരുമാനം വരുമ്പോൾ നമുക്ക് ഈ കാര്യ ങ്ങൾക്കൂടി എങ്ങനെ പ്രായോഗികമാക്കാൻ കഴിയുമെന്ന് പരിശോധിക്കാം.

ശ്രീ. വി.ജെ. പൗലോസ് : നമ്മുടെ കേരളത്തിന്റെ ഭൂപ്രകൃതി അനുസ രിച്ച് 24 മണിക്കൂറിനുള്ളിൽ വെള്ളം മുഴുവൻ വാർന്നു അറബിക്കടലിൽ എത്തുന്ന പ്രതീതിയാണ്. മഴവെള്ളം പാഴാക്കാതെ ഭൂമിയിലേയ്ക്ക് കിനിഞ്ഞ് ഇറങ്ങാൻ സാഹചര്യം ഒരുക്കാനും ഭൂഗർഭ വിതാനം ഉയർത്താനും കഴിയുമെ ന്നാണ് ഉദ്ദേശിക്കുന്നത്. വർഷംതോറും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ഇത് വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി അഭ്യർത്ഥിക്കുന്നതോ ടൊപ്പം മണ്ണിന് ഈർപ്പം നിലനിറുത്താൻ കൂടുതൽ സഹായിക്കുന്ന കുളങ്ങൾ നികത്തിയിട്ടുള്ളതു പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കുവാൻ തയ്യാറാണോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ. നമ്മുടെ സംസ്ഥാനത്ത് 30 ശതമാനത്തോളംമാത്രം മഴ ലഭിക്കുന്ന പ്രദേശങ്ങളിലേയും ചരിഞ്ഞുകിട ക്കുന്ന പ്രദേശങ്ങളിലേയും ജല-മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി യിട്ടാണ് നമ്മുടെ സംസ്ഥാനത്ത് വാട്ടർഷെഡ് പദ്ധതി നടപ്പാക്കിവരുന്നത്. 8-ാം പദ്ധതിക്കാലത്ത് 114 ബ്ലോക്കുകൾ വാട്ടർഷെഡ് ബ്ലോക്കുകളായിട്ട് അംഗീകരിച്ചിട്ടുണ്ട്. അതിലേയ്ക്ക് 9-ാം പദ്ധതിക്കാലത്ത് 114 വർക്കുകൾ വാട്ടർഷെഡിൽ ഉൾപ്പെടുത്തിയെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ട് നികത്തി പ്പോയ കുളങ്ങൾ വീണ്ടും കുളമാക്കിമാറ്റാൻ കഴിയുമോ എന്നതിനെ സംബ ന്ധിച്ച് പരിശോധിക്കാം. അത് പരിശോധിക്കാവുന്നതാണ്. അങ്ങനെ പൊതുകുളങ്ങളായിട്ട് നമുക്ക് ലഭിക്കുമെങ്കിൽ ആ കാര്യം കൂടി സംരക്ഷിക്കാ നുള്ള നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീമതി ആർ. ലതാദേവി : സർ, നീർമറി വികസനത്തിനായിട്ട് ചെലവ ഴിക്കപ്പെടുന്ന തുകയുടെ ഒരു വലിയ ഭാഗം പലപ്പോഴും കരാറുകാരും ഉദ്യോഗ സ്ഥന്മാരും പങ്കിട്ടെടുക്കുന്ന സ്ഥിതിവിശേഷമുണ്ട്. യഥാർത്ഥത്തിൽ കൃഷി യുടെ ഉന്നമനത്തിനോ കർഷകർക്കോ അതു കിട്ടാത്ത അവസ്ഥ പല സ്ഥല ങ്ങളിലുമുണ്ട്. ഇതു പരിഗണിച്ചുകൊണ്ട്, കേന്ദ്രത്തിൽനിന്നും ലഭ്യമാകുന്ന സാമ്പത്തികസഹായം സംസ്ഥാനത്തിന്റെ കാർഷിക പുരോഗതിക്ക് ഉതകുന്ന തരത്തിൽ വിനിയോഗിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയുന്ന തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിനും നീർമറി വികസനത്തിനുവേണ്ടിയുള്ള തുക നേരിട്ട് കൃഷിക്കാർക്ക് കൊടുക്കുന്നതര ത്തിൽ പദ്ധതി രൂപീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ. 8-ാം പദ്ധതിക്കാലത്ത് വാട്ടർഷെഡ്ഡിൽ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് 9-ാം പദ്ധ തിക്കാലത്ത് കേരളത്തിൽ പ്രത്യേക പദ്ധതി രൂപീകരിക്കുന്നതിന് ഗവൺമെന്റ് ചർച്ചചെയ്ത് തീരുമാനിച്ചിരുന്നു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഇതിനകത്ത് കരാറുകാരൻ പാടില്ല. കരാറുകാരനെ പൂർണ്ണമായിട്ടും 9-ാം പദ്ധ തിക്കാലത്തെ ഈ പ്രവർത്തനങ്ങളിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. ഈ വാട്ടർഷെഡ് പ്രദേശത്തുള്ള, അതിന്റെ ഗുണഭോ ക്താക്കളുമായിട്ടുള്ള, കർഷകരുടെ ഒരു സമിതിയാണ് ഈ പ്രവർത്തന ങ്ങൾക്കു നേതൃത്വം കൊടുക്കുന്നത്. അവർ തന്നെയായിരിക്കണം ഇതിന്റെ നിർമ്മാണപ്രവർത്തനം നടത്തേണ്ടതെന്ന് ഗവൺമെന്റ് നിഷ്ക്കർഷിച്ചിട്ടുണ്ട്. അതു പരിശോധിക്കുന്നുണ്ട്. ഇടത്തട്ടുകാരെ പരമാവധി ഒഴിവാക്കിക്കൊണ്ട് ചെലവഴിക്കുന്ന പണം ആ പ്രദേശത്തിന്റെ മാറ്റത്തിനുവേണ്ടി, ഭൂമിയുടെ ഘടന സംരക്ഷിക്കുന്നതിനുവേണ്ടി, കൃഷി സംരക്ഷിക്കാൻ വേണ്ടി, ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാൻവേണ്ടി ചെലവഴിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ചോർച്ചകൾ പൂർണ്ണമായിട്ടും അടച്ചുകൊണ്ട് ഈ പ്രവർത്തനം നടത്താനാണ് 9-ാം പദ്ധതിക്കാലത്ത് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടു ള്ളത്.

6 (*260) ഗ്രൂപ്പ് ഫാമിംഗ്

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാ ക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കൃഷിയിനങ്ങളിൽ എത്ര ഏക്കർ സ്ഥല ത്തുവീതം ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാ ക്കുമോ;

(സി) നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വ്യാപകമാക്കുന്ന തിന് ശ്രദ്ധിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ)&(ബി) ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ പ്രവർത്തനം ഇപ്പോഴും നട ന്നുവരുന്നു, വിജയകരമായി പ്രവർത്തിച്ചുവന്ന ഈ സമ്പ്രദായം കഴിഞ്ഞ സർക്കാരിന്റെകാലത്ത് മന്ദീഭവിച്ചു. അത് പഴയതുപോലെ പുനരാരംഭിക്കുന്ന തിന് ശ്രമിച്ചുവരുന്നു.

(സി) പ്രധാനപ്പെട്ട നെൽക്കൃഷിമേഖലകളിൽ ഗ്രൂപ്പിന്റെ അടിസ്ഥാന ത്തിൽ കൃഷി ചെയ്യുന്നതാണ്. കർഷകർക്ക് ഗുണകരമെന്നതിനാൽ അത്

LIBRARY ARCHIVES Kerala Legislative Assembly